പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 303 17.10.2016-ൽ മറുപടിയ്ക്ക്

## എം.പി മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.പി.കെ. ശശി<br>ശ്രീ.എം. സ്വരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾക്കായി സംസ്ഥാനത്തു നിന്നുള്ള രാജ്യസഭ, ലോകസഭ എം.പിമാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനമുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി സംസ്ഥാനത്തിൽ നിന്നുള്ള ലോക്സഭ, രാജ്യസഭാ എം.പിമാരുടെ സമ്മേളനം ചേരാറുണ്ട്. കേന്ദ്രസർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും, പാർലമെന്റ് സമ്മേളനങ്ങളിൽ ഉന്നയിക്കേണ്ടതും കേന്ദ്രഗവൺമെന്റിൽ follow up ആവശ്യമായതുമായ വിഷയങ്ങൾ പ്രസ്തുത സമ്മേളനങ്ങളിൽ ചർച്ച ചെയ്യാറുണ്ട്. സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടുന്നതിന് എം.പിമാർക്ക് വേണ്ട സഹായങ്ങൾ ചെയ്യാറുണ്ട്. എം.പിമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയുള്ള എം.പി സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഇടപെടുന്നുണ്ട്. പാർലമെന്റിന്റെ ഈ വരുന്ന ശീതകാല സമ്മേളനത്തിനു മുന്നോടിയായി 28.10.2016 ന് എം.പിമാരുടെ സമ്മേളനം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ റെയിൽവേ അടക്കമുള്ള പൊതു മേഖലയിലെ കേന്ദ്ര നിക്ഷേപം കുറഞ്ഞവരുന്നതും കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കവും കേന്ദ്ര സർക്കാരിന്റെയും പാർലമെന്റിന്റെയും ശ്രദ്ധയിൽ പെടുത്തി പ്രശ്നപരിഹാരത്തിന് സഹായകരമായ വിധത്തിൽ ഇടപെടുന്നതിന് എം.പി.മാർക്ക് വേണ്ട നിർദ്ദേശവും സഹായവും നൽകുന്നുണ്ടോ; | (ബി) | റെയിൽവേ അടക്കമുള്ള കേന്ദ്ര പൊതുമേഖലാ നിക്ഷേപം സംസ്ഥാനത്ത് കുറഞ്ഞുവരുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ 17.7.2016 ന് ചേർന്ന പാർമെന്റ് അംഗങ്ങളുടെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്ക്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ചർച്ചയിൽ ഉയർന്നു വന്നിട്ടുണ്ട്. കേരളത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ഇത്തരം കാര്യങ്ങളിൽ follow up ചെയ്യുന്നതിന് എം.പിമാർക്ക് സർവ്വ പിന്തുണയും സർക്കാർ വാഗ്ദാനം ചെയ്യുകയുണ്ടായി. |
| (സി) | റബ്ബർ ഉൾപ്പെടെയുള്ള വാണിജ്യ വിളകളുടെയും സുഗന്ധവ്യഞ്ജനങ്ങളുടെയും വിലയിടിവ് തടയുന്ന വിഷയത്തിൽ എം.പി.മാരുടെ ഇടപെടൽ ശക്തിപ്പെടുത്തുവാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ശ്രമമുണ്ടാകുമോ? | (സി) | നടപടികൾ ഉണ്ടാകുന്നുണ്ട്. ഈ വിഷയവും 17.7.2016 ലെ എം.പിമാരുടെ യോഗത്തിൽ ചർച്ചചെയ്യുകയുണ്ടായി. 28.10.2016 ലെ യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ